# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1457 08/02/2013 ൽ മറുപടിക്ക്

<u>പാലിയക്കര ടോൾ പ്ലാസയിലെ ടോൾ പിരിവ്</u>

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് പാലിയക്കര ടോൾ പ്ലാസയിൽ വാഹനങ്ങളുടെ ടോൾ നിരക്ക് കുറയ്ക്കാം എന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിരക്ക് കുറച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?<br><br>(ബി) എങ്കിൽ നിരക്ക് കുറയ്ക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (എ) & (ബി) | ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ജനപ്രതിനിധികളുടെ യോഗത്തിൽ ടോൾ പിരിക്കുന്ന കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് ടോൾ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും അതനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനെയും സമീപിച്ചുവെങ്കിലും, 'കൺസഷണയർ എഗ്രിമെന്റ്' പ്രകാരം അത് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അവർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടോൾ നിരക്ക് കുറയ്ക്കുന്നതിന് സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ